കുറവായതുമൂലം ഉണ്ടായിട്ടുള്ള വരൾച്ചയിൽ നിന്നും കുടിവെള്ളക്ഷാമത്തിൽ നിന്നും പാലക്കാട് ജില്ലയെ രക്ഷിക്കുകയും ചെയ്യാനുള്ള നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട ജലസേചനവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതേയവസരത്തിൽ തമിഴ്-മലയാളികൾ തമ്മിൽ സ്പർദ്ധയുണ്ടാക്കാൻ, കലഹമുണ്ടാക്കാൻ തക്കവണ്ണമുള്ള പ്രസ്താവനകളും സമരവുമാണ് അവിടെ നടക്കുന്നത്. ഇത് വളരെ വിഷമകരമായൊരു സ്ഥിതിയിലേക്ക് നമ്മെ കൊണ്ടു പോകും. അതുകൊണ്ട്, അർഹതപ്പെട്ട വെള്ളം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, പാലക്കാട് ജില്ലയിലെ ചിറ്റൂർപ്പുഴ മേഖലയിലെ 20,000 ഏക്കറോളം സ്ഥലത്ത് കൃഷിക്ക് കർഷകർ പ്രധാനമായും ആശ്രയിക്കുന്നത് തമിഴ്നാട്ടിലെ അലിയാർ ഡാമിലെ ജലമാണ്. 1970-ലെ പറമ്പിക്കുളം അലിയാർ കരാർ പ്രകാരം 7.25 ടി.എം.സി. ജലം വർഷംതോറും കേരളത്തിർത്തിയിലുള്ള മണക്കടവിൽ തമിഴ്നാട് ലഭ്യമാക്കി വരുന്നു. ഓരോ വർഷവും കരാറിൻപ്രകാരമുള്ള വെള്ളം ലഭ്യമാക്കാറുണ്ടെങ്കിലും ചിലപ്പോൾ കാലാവസ്ഥയിലെ വ്യതിയാനങ്ങൾമൂലം ആവശ്യത്തിന് മഴവെള്ളം ഈ പ്രദേശത്ത് ലഭിക്കാറില്ല. തൻമൂലം ഡാമിൽ നിന്ന് ലഭിക്കുന്ന ജലം ആവശ്യത്തിന് തികയാറില്ല. കഴിഞ്ഞ വർഷം ചിറ്റൂർപുഴ പ്രദേശത്ത് ലഭിച്ച മഴ അതിന് മുൻ വർഷത്തേക്കാൾ 30 ശതമാനം കുറവായിരുന്നു. ആയതിനാൽ ഉടമ്പടി പ്രകാരം അലിയാറിൽ നിന്ന് കേരളത്തിന് ലഭിക്കുന്ന വെള്ളംകൊണ്ട് രണ്ടാം വിളയ്ക്ക് മുഴുവൻ ആയക്കെട്ടിലും ജലസേചനം നൽകുവാൻ സാദ്ധ്യമായില്ല. അതിനാൽ അടിയന്തിരമായി 450 ടി.എം.സി. അടി ജലം വിട്ടുതരണമെന്ന് കഴിഞ്ഞ വർഷവും തമിഴ്നാടിനോട് ആവശ്യപ്പെട്ടിരുന്നു. അത് തമിഴ്നാട് അനുവദിച്ചു. മേൽപ്പറഞ്ഞ ജലം കഴിച്ച് ബാക്കി ലഭിക്കാനുള്ളത് 6822 എം.സി. ഫീറ്റ് ജലം മാത്രമായിരുന്നു. ഈ ജലത്തിൽ 12-3-2001-ൽ നമുക്ക് ലഭിക്കാൻ ബാക്കിയുണ്ടായിരുന്നത് വെറും 197 എം.സി. ഫീറ്റ് ജലമായിരുന്നു. ഈ ജലം സാധാരണയായി മാർച്ച് മാസത്തിൽ ചിറ്റൂരിലെ കൊങ്ങൻപട ഉൽസവത്തോടനുബന്ധിച്ചാണ് തരാറുള്ളത്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 18-2-2001-ന് ഞാൻ തമിഴ്നാട് ജലസേചന വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ടതിന്റെ ഫലമായി ഒരു ടി.എം.സി. ജലം കൂടി കേരളത്തിന് അടിയന്തിരമായി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. അതനുസരിച്ച് ഒരു ടി.എം.സി. ജലം കൂടി 19-2-2001 രാത്രി 8 മണി മുതൽ തമിഴ്നാട് കേരളത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

(6) ക്രമ്പ് റബ്ബർ ഫാക്ടറി തുറന്നുപ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. ജോണി നെല്ലൂർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ മാറാടി പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ഫാക്ടറിയാണ് മൂവാറ്റുപുഴ റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള ക്രമ്പ് റബ്ബർ

LIBRARY ARCHIVES Kerala Legislative Assembly

ഫാക്ടറി. 85-ഓളം തൊഴിലാളികൾ പണിയെടുക്കുന്ന ആ ഫാക്ടറി കഴിഞ്ഞ 7 മാസമായി ലോക്കൗട്ട് ചെയ്തിരിക്കുകയാണ്. 85 തൊഴിലാളികളും അവരുടെ കുടുംബങ്ങളും 7 മാസമായി പട്ടിണിയെ അതിജീവിച്ചുകൊണ്ടിരിക്കുകയാണ്. ഏതവസരത്തിലും ആ വീടുകളിൽ പട്ടിണിമരണം ഉണ്ടാകാനുള്ള സാഹചര്യം നിലനിൽക്കുന്നു. നാളിതുവരെ പല മധ്യസ്ഥശ്രമങ്ങൾ നടന്നിട്ടും ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കാൻ മാനേജ്മെന്റ് തയ്യാറാകുന്നില്ല. നിരവധി പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രിയുടെയും ലേബർ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥന്മാരുടെയും ശ്രദ്ധയിൽ വസ്തുതകൾ കൊണ്ടുവരികയും ഒത്തുതീർപ്പുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതൊന്നും ധാരണയിലാകാത്ത സാഹചര്യത്തിൽ 85 തൊഴിലാളികളും ഇന്ന് മൂവാറ്റുപുഴ താലൂക്ക് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ പടിക്കൽ സത്യാഗ്രഹം നടത്തിവരികയാണ്. 85 കുടുംബങ്ങളിലെ തൊഴിലാളികൾ പട്ടിണി കിടന്നു മരിക്കുന്ന വലിയൊരു ദുരന്തം ഒഴിവാക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഈ ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. അതോടൊപ്പം തന്നെ ഈ തൊഴിലാളികൾക്ക് ഏതെങ്കിലും വിധത്തിൽ ഒരു ഇടക്കാലാശ്വാസം എന്നുള്ള നിലയിൽ അൽപ്പമെങ്കിലും തുക കൊടുക്കാനുള്ള ഏർപ്പാടുണ്ടാക്കാനും ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. അതിന് ബന്ധപ്പെട്ട മാനേജ്മെന്റിനെ പ്രേരിപ്പിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള): സർ, മൂവാറ്റുപുഴ റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള മാറാടി ക്രമ്പ് റബ്ബർ ഫാക്ടറിയിൽ 60 തൊഴിലാളികളും 20 ജീവനക്കാരും പണിയെടുക്കുന്നുണ്ട്. വർദ്ധിപ്പിച്ച വേതന നിരക്കും ഉൽപ്പാദന ശേഷിക്കുറവും തൊഴിൽ സമരങ്ങളും റബ്ബറിന്റെ വിലയിടിവും ഇലക്ട്രിസിറ്റി ചാർജിലും ഡീസൽ വിലയിലും ഉണ്ടായ വൻവർദ്ധനവും കാരണം കാണിച്ചു കൊണ്ട് പ്രസ്തുത സ്ഥാപനം , മാനേജുമെന്റ് 8-7-2000 മുതൽ ലോക്കൗട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ ഫാക്ടറിയിലെ വർക്കേഴ്സ് കോ-ഓർഡിനേഷൻ കമ്മിറ്റി എറണാകുളം ജില്ലാ ലേബർ ആഫീസർക്ക് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ലേബർ ആഫീസർ നടത്തിയ അനുരഞ്ജന ചർച്ചകൾ പരാജയപ്പെട്ടതിനാൽ 4-10-2000-ലും 9-11-2000-ലും ലേബർ കമ്മീഷണർ തലത്തിൽ ചർച്ചകൾക്ക് വിളിച്ചിരുന്നു. പക്ഷേ മാനേജുമെന്റ് പ്രതിനിധികൾ പങ്കെടുക്കാതിരുന്നതിനാൽ ചർച്ച നടക്കുകയുണ്ടായില്ല. 30-12-2000-ൽ അഡീഷണൽ ലേബർ കമ്മീഷണർ വിളിച്ചുകൂട്ടിയ ചർച്ചയിൽ തൊഴിലാളി പ്രതിനിധികളോ തൊഴിലുടമാ പ്രതിനിധികളോ ഹാജരായില്ല. ഇക്കാര്യത്തിൽ 1-3-2001-ന് വീണ്ടും അഡീഷണൽ ലേബർ കമ്മീഷണർതലത്തിൽ അനുരഞ്ജന ചർച്ച നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly